LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തെരുവ് കച്ചവടക്കാരുടെ ക്ഷേമവും പുനരധിവാസവും ഉറപ്പുവരുത്തുന്ന ദേശീയ നിയമം-2014 നടപ്പിലാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് സംസ്ഥാന നോഡൽ ഏജൻസിയായി നിയമിച്ചിട്ടുള്ളത്. നിയമം നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന ചട്ടം സർക്കാരിന്റെ പരിഗണനയിലാണ്. വഴിയോരക്കച്ചവട നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. നഗരകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല ഉപദേശക വിലയിരുത്തൽ സമിതിയും, ജില്ലാകളക്ടർ അദ്ധ്യക്ഷനായി ജില്ലാതല സമിതിയും നഗരസഭാ സെക്രട്ടറി അദ്ധ്യക്ഷനായ നഗരകച്ചവട സമിതിയും, സമിതികളുടെ ചുമതലകളും നിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്. തെരുവ് കച്ചവടക്കാരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തേണ്ടതും, സർട്ടിഫിക്കറ്റ് ലൈസൻസ് തുടങ്ങിയവ വിതരണം ചെയ്യേണ്ടതും, ഇവരുടെ പുനരധിവാസ നടപടികൾ കൈക്കൊള്ളേണ്ടതും നഗര കച്ചവട സമിതിയുടെ ചുമതലയാണ്. കൂടാതെ പുനരധിവാസത്തിന്റെ ഭാഗമായി തെരുവ് കച്ചവട കേന്ദ്രങ്ങൾ കണ്ടെത്തി ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം ഹനിക്കപ്പെടാതെ സംരക്ഷിക്കേണ്ടതും നഗരകച്ചവടസമിതിയുടെ ചുമതലയാണ്. ടി പ്രവർത്തികൾക്കുള്ള പിന്തുണാ സംവിധാനവും സാമ്പത്തിക സഹായവും നൽകുന്നത് എൻ.യു.എൽ.എം. നഗരങ്ങളിൽ കുടുംബശ്രീ മിഷനാണ്. മറ്റ് നഗരങ്ങളിൽ നഗരസഭകൾ സ്വന്തം ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതാണ്.

(ബി) തെരുവ് കച്ചവടക്കാരെ നേരിൽ കണ്ട് വിശദമായ വിവരങ്ങൾ ശേഖരിക്കുന്ന സർവ്വേകൾ നടത്താൻ നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ കോഴിക്കോട്, മലപ്പുറം നഗരസഭകളിൽ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേയുടെ അടിസ്ഥാനത്തിൽ നഗരകച്ചവട കമ്മിറ്റിയാണ് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി അംഗീകാരം നൽകേണ്ടത്.

(സി) നഗരസഭാ സെക്രട്ടറി അദ്ധ്യക്ഷനായുള്ള നഗരകച്ചവട സമിതി, തെരുവ് കച്ചവടമേഖലയായി കണ്ടെത്തുന്ന പ്രദേശങ്ങളിലേക്ക് തെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിലൂടെ സഞ്ചാരസ്വാതന്ത്ര്യം ഹനിക്കപ്പെടാതെ സംരക്ഷിക്കുന്നതാണ് പരിഹാരമായി നിലവിലുള്ളത്

മുനിസിപ്പാലിറ്റിയിൽ ഫണ്ട് ലഭ്യമാക്കൽ

125 (1596) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും മികച്ച മുനിസിപ്പാലിറ്റിയായ ആറ്റിങ്ങലിന് 2011 മേയ് മാസത്തിനുശേഷം ഇതുവരെ വിവിധ ഘട്ടങ്ങളിലായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ തകർന്നുകിടക്കുന്ന റോഡുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് അടിയന്തരമായി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) തകർന്നു കിടക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് 2015-16 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി 2,69,17,840 രൂപ വകയിരുത്തിയിട്ടുണ്ട്.

മുനിസിപ്പാലിറ്റിയിലേക്ക് നിയമിക്കപ്പെടേണ്ട ഉദ്യോഗസ്ഥ തസ്തിക

126 (1597) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി രൂപീകരിക്കപ്പെട്ട നഗരസഭകളിലേക്ക് കൂട്ടിച്ചേർത്ത പഞ്ചായത്തുകൾ ചെയ്യേ തീർക്കേണ്ടതായ ചുമതലകൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ആയതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) കൊട്ടാരക്കര മുനിസിപ്പാലിറ്റിയിലേക്ക് നിയമിക്കപ്പെടേണ്ട ഉദ്യോഗസ്ഥ തസ്തികകളുടെ വിശദാംശങ്ങളും അവരെ എന്നത്തേക്ക് നിയമിക്കും എന്ന വിവരവും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിലേക്ക് കൂട്ടിച്ചേർത്ത പഞ്ചായത്തുകൾ ചെയ്തുതീർക്കേണ്ടതായ ചുമതലകൾ സംബന്ധിച്ച് 19.11.2015-ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. ടി വിഷയം പരിശോധിച്ചുവരുന്നു.

(ബി) പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലെ/കോർപ്പറേഷനുകളിലെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

അർബൻ 2020 പദ്ധതി

127 (1598) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ 2020 പദ്ധതി പ്രകാരം അംഗീകാരം നൽകിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly